വൃദ്ധന്റെ ഹൃദയം രണ്ട് കാര്യങ്ങളിൽ യുവത്വത്തിലായി കൊണ്ടേയിരിക്കും; ഇഹലോകത്തോടുള്ള ഇഷ്ടത്തിലും ദീർഘായുസ്സിനോടുള്ള മോഹത്തിലും

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറയുന്നതായി ഞാൻ കേട്ടു: "വൃദ്ധന്റെ ഹൃദയം രണ്ട് കാര്യങ്ങളിൽ യുവത്വത്തിലായി കൊണ്ടേയിരിക്കും; ഇഹലോകത്തോടുള്ള ഇഷ്ടത്തിലും ദീർഘായുസ്സിനോടുള്ള മോഹത്തിലും."
[صحيح] [رواه البخاري]

മനുഷ്യൻ വൃദ്ധനാകുകയും അവന്റെ ശരീരം ദുർബലമാവുകയും ചെയ്തുകൊണ്ടിരിക്കെയും അവന്റെ ഹൃദയം രണ്ട് കാര്യങ്ങളോടുള്ള ഇഷ്ടത്തിൽ യുവത്വത്തിലായിരിക്കുമെന്ന് നബി (ﷺ) അറിയിക്കുന്നു. ഒന്ന് : സമ്പത്ത് അധികരിക്കാനുള്ള, ഇഹലോകത്തോടുള്ള ആഗ്രഹം. രണ്ട് : നീണ്ട ജീവിതവും ആയുസ്സും ജീവനും ആഗ്രഹങ്ങളും അധികരിക്കുന്നതിൽ.

http://www.sunnah.global/hadeeth/ml/show/66221